LIBRARY ARCHIVES Kerala Legislative Assembly

പേരേപ്പാറ ഡാം കമ്മീഷൻ ചെയ്യാൻ നടപടി

39 [2755] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര പഞ്ചായത്തിൽ പേരേപ്പാറ ഡാം 1997-ൽ നിർമ്മാണം പൂർത്തീകരിച്ചിട്ടും കമ്മീഷൻ ചെയ്യാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കമ്മീഷൻ ചെയ്യുന്നതിനുള്ള തടസ്സമെന്താണ്;

(സി) തടസ്സം നീക്കി പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 24-6-1971-ൽ പണി പൂർത്തീകരിച്ച പേരേപ്പാറ ഡാമിൽ വെള്ളം ശേഖരിക്കുന്നതിനാവശ്യമായ ഭൂമി വനം വകുപ്പിൽ നിന്നും ഇതേവരെ വിട്ടുകിട്ടിയിട്ടില്ല. പ്രസ്തുത സ്ഥലം സ്ഥലവാസിയായ കെ. ഒ. തോമസ് എന്നയാൾ അനധികൃതമായി കയ്യേറിയിരിക്കുകയാണെന്നും, കുടി ഒഴിപ്പിക്കലിനെതിരെ ബഹു. ഹൈക്കോടതിയിൽ ഒ. പി. 3765/75 എന്ന കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും അതിൻമേൽ സ്റ്റേ ഓർഡർ ലഭിച്ചിട്ടുണ്ടെന്നും വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കേസ് ഒത്തുതീർപ്പാക്കി വേണ്ടത്ര ഭൂമി ലഭ്യമായാൽ മാത്രമേ ടി ഡാം കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

(സി) കേസ് തീർന്നാലുടൻ കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ജലം ചോർത്താനുള്ള തമിഴ്നാടിന്റെ കനാൽ നിർമ്മാണത്തിനെതിരെ നടപടി

40 [2756] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്ന് തമിഴ്നാട്ടിലേക്കുള്ള വെള്ളത്തിന്റെ ഒഴുക്ക് വർദ്ധിക്കുന്നതിനാൽ തമിഴ്നാട് ത്വരിതഗതിയിൽ കനാൽ നിർമ്മാണം നടത്തി വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 18-ാം കനാൽ പദ്ധതി എന്ന പേരിൽ 2001-ൽ ആരംഭിച്ച പ്രസ്തുത കനാൽ നിർമ്മാണ പദ്ധതി മുല്ലപ്പെരിയാർ ജലസംഭരണശേഷിയെ 130 അടിക്കുമേൽ ഉയരാൻ അനുവദിക്കുന്നില്ലെന്ന ആരോപണം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഡാമുകളുടെ സംഭരണശേഷിയുടെ പരമാവധിയും ഈ മൺസൂൺ കാലത്ത് ഉപയോഗപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1886-ൽ ഒപ്പുവെച്ച പെരിയാർ പാട്ടക്കരാറനുസരിച്ച് 155 അടി കോണ്ടൂർ വരെയുള്ള ജലം തമിഴ്നാടിന് ഉപയോഗിക്കാവുന്നതാണെങ്കിലും 1979-ലെ തീരുമാന മനുസരിച്ച് മുല്ലപ്പെരിയാർ റിസർവ്വോയറിലെ പരമാവധി ജലനിരപ്പ് 136 അടിയാക്കി സ്ഥിരപ്പെടുത്തിയിരിക്കുകയാണ്. അതിനാൽ ജലസംഭരണശേഷി 130 അടിക്കുമേൽ ഉയരാൻ അനുവദിക്കുന്നില്ലെന്ന ആരോപണത്തിന് പ്രസക്തിയില്ല.

(സി) മൺസൂൺകാലത്ത് ഡാമുകളുടെ സംഭരണശേഷി പരമാവധി ഉപയോഗപ്പെടുത്താൻ റിസർവോയറിൽ അടിയുന്ന മണ്ണും ചെളിയും നീക്കം ചെയ്യുകയും, സ്ലൂയിസും, സ്പിൽവേ ഷട്ടറുകളും അടച്ചിടുകയും ചെയ്യാറുണ്ട്. ഈ മൺസൂൺ കാലത്തും ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചാലിയാറിന്റെ ഉൽഭവസ്ഥാനത്തു നിന്നും തമിഴ്നാട് വെള്ളം ചോർത്തുന്നതിനെതിരെ നടപടി

41 [2757] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, കെ. ബാബു:
,, എൻ. ശക്തൻ:
,, ജോർജ് ജെ. മാത്യു:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാറിന്റെ ഉൽഭവം എവിടെ നിന്നാണ്; ഇതിന്റെ ഉൽഭവ സ്ഥാനത്തു നിന്നും തമിഴ്നാട് വെള്ളം ചോർത്തുന്നുണ്ടോ;

(ബി) എങ്കിൽ എത്ര വീതം; ഈ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നദിയുടെ ഉൽഭവസ്ഥാനത്തുനിന്നും തമിഴ്നാട് വെള്ളം ശേഖരിക്കുന്നതിനെതിരെ എന്തു നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെ ഗൂഡല്ലൂർ താലൂക്കിലുള്ള ഇളംബാലതി മലകളിലാണ് ചാലിയാർ പുഴയുടെ ഉത്ഭവം. തമിഴ്നാട്ടിലെ ചാലിയാർ ബേസിനിൽ ഉള്ള കലക്കപുഴ, പുന്നപ്പുഴ, കൈയ്യുണ്ണിപ്പുഴ എന്നിവയുടെ കൈവഴികളിൽ നിന്ന് കുടിവെള്ളത്തിനായി തമിഴ്നാട് ജലം ശേഖരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly